# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5622 — 05.07.2013 ൽ മറുപടിക്ക്

**അൺ എയ്ഡഡ് സ്കൂളുകളിലെ അമിത ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പലതിലും അമിതഫീസ് ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഫീസ് വർദ്ധിപ്പിക്കുന്നതും വാങ്ങുന്നതും നിയന്ത്രിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ, വിശദാംശങ്ങൾ നൽകുമോ; | (സി) | കെ.ഇ.ആർ അദ്ധ്യായം 12 നിയമം 29 അനുസരിച്ച് അംഗീകാരമുള്ള സ്കൂളുകളിൽ 1 മുതൽ 7 വരെ 1000 രൂപയും 8 മുതൽ 10 വരെ 1500/- രൂപയും വർഷം തോറും ട്യൂഷൻ ഫീസ് ഇനത്തിൽ വാങ്ങാവുന്നതാണ്. |
| (ഡി) | പ്രീ-പ്രൈമറി, എൽ.പി, യു.പി ഹൈസ്കൂൾ, ഹയർ സെക്ക ൻഡറി തലം വരെ ഈ വിദ്യാലയ ങ്ങൾക്ക് വാങ്ങാവുന്ന ഫീസിന്റെ ഘടന വിശദമാക്കുമോ; | (ഡി) | പ്രൈമറി വിഭാഗത്തിൽ 1000/- രൂപ, ഹൈസ്കൂൾ 1500/- രൂപ എന്ന ക്രമത്തിലാണ് ഫീസിന്റെ ഘടന. ഹയർ സെക്കൻഡറി തലത്തിൽ ട്യൂഷൻ ഫീസിനത്തിൽ പ്രതിമാസം 500 രൂപയും മറ്റു ഫീസിനത്തിൽ പ്രതിവർഷം 1000 രൂപയും തിരികെ ലഭിക്കുന്ന കോഷൻ ഡെപ്പോസിറ്റായി 1000 രൂപയും വാങ്ങാവുന്നതാണ്. |
| (ഇ) | നിശ്ചിത തുക ഫീസായി നിർണ്ണയിച്ചിട്ടില്ലെങ്കിൽ ഇതിന് ഒരു ഏകീകൃത രൂപമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഫീസ് നിർണ്ണയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ